"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന സുനാമി ഫ്ലാറ്റ് സമുച്ചയത്തിന്റെ അറ്റകുറ്റപ്പണി ചെയ്ത് അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി പ്രകാരം വീടും സ്ഥലവും ആവശ്യമുള്ള 3 കുടുംബങ്ങൾക്ക് നല്കുന്നതിന് അനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2333/2025/LSGD തീയതി,തിരുവനന്തപുരം, 24-09-2025

---

പരാമർശം:-
1. 21/08/2019-ലെ സ.ഉ.(പി)നം.111/2019/ധന
2. 16/07/2021-ലെ സ.ഉ.(കൈ ) നം.145,/2021/തസ്വഭവ
3. 28/05/2022-ലെ സ.ഉ.(കൈ ) നം.115/2022/തസ്വഭവ
4. 08/07/2022-ലെ സ.ഉ.(കൈ ) നം.146/2022/തസ്വഭവ
5. 15.04.2025 -ലെ സ.ഉ.(കൈ)നം.98/2025/റവ
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02/08/2025, 18/08/2025 തീയതികളിലെ LSGD/PD/23995/2025-SPMC1 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്ത് മുമ്പ് നടപ്പിലാക്കിയ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ വിവിധ കാരണങ്ങളാൽ ഒഴിവായിപ്പോയവരെയും നിലവിൽ അവകാശങ്ങൾക്ക് വേണ്ടി ശബ്ദം ഉയർത്താൻ പോലും ശേഷിയില്ലാതെ, പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെ അതിതീവ്ര ദാരിദ്ര്യം അനുഭവിക്കുന്നവരെയും കണ്ടെത്തി അഞ്ചു വർഷം കൊണ്ട് അവരുടെ അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ 2021 -ൽ ആരംഭിച്ചതാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. 2025 നവംബറോട് കൂടി സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജനം പൂർത്തിയാക്കുക എന്നതാണ് പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം.

2. പരാമർശം (2) മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ 64006 കുടുംബങ്ങളെ ഈ പദ്ധതിയുടെ സഹായം ആവശ്യമുള്ളവരായി കണ്ടെത്തിയിട്ടുണ്ട്. ഭക്ഷണം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നീ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളത്.

3. തുടർന്ന് അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ വ്യകതികളേയും കുടുംബങ്ങളേയും അതിദരിദ്ര അവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിനായി പരാമർശം (4) പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മൈക്രോപ്ലാൻ തയ്യാറാക്കുകയും ചെയ്തു.

4. മറ്റ് ക്ലേശഘടകങ്ങൾ പരിഹരിക്കുന്നതിൽ വലിയ മുന്നേറ്റം ഉണ്ടായിട്ടുണ്ടെങ്കിലും

അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട വീടും സ്ഥലവും, വീട്, ഭവനപുനരുദ്ധാരണം എന്നിവ പദ്ധതികാലയളവിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നതേയുള്ളൂ. ഭൂമിയുടെ ലഭ്യതയാണ് പദ്ധതി പൂർത്തീകരണത്തിനുള്ള പ്രധാന തടസ്സം. ഈ സാഹചര്യത്തിൽ റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന സുനാമി ഫ്ലാറ്റ് സമുച്ചയത്തിന്റെ അറ്റകുറ്റ പണി ചെയ്ത് അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി പ്രകാരം വീടും സ്ഥലവും ആവശ്യമുള്ളവരുടെ ലിസ്റ്റിൽ ഉൾപ്പെട്ടതും പ്രസ്തുത ഫ്ലാറ്റിലേക്ക് മാറുന്നതിന് സന്നദ്ധത അറിയിക്കുകയും ചെയ്ത 3 കുടുംബങ്ങൾക്ക് നല്കുന്നതിനുള്ള അനുമതി നല്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (6) പ്രകാരം സർക്കാർ മുമ്പാകെ ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ടി ഫ്ലാറ്റുകളിൽ നടത്തിയ പരിശോധനയിൽ ആയത് ഭൂരിഭാഗവും ചോർച്ചയുള്ളതായും താഴത്തെ നിലയിലടക്കം ചുമരും മറ്റും നനഞ്ഞ് കുതിർന്ന് ഇലക്ട്രിക് ഷോക്ക് ഉള്ളതായും കാണപ്പെട്ടിട്ടുള്ളതാണെന്നും ആയതിനാൽ മേൽക്കൂരയിൽ അടിയന്തിരമായി ട്രസ്സ് വർക്ക് ചെയ്ത് ഷീറ്റ് ഇട്ടെങ്കിൽ മാത്രമേ പെയിന്റ് ചെയ്യുന്നതടക്കമുള്ള അറ്റകുറ്റ പണികൾ ചെയ്ത് ഫ്ലാറ്റുകൾ വാസയോഗ്യമാക്കുവാൻ കഴിയുകയുള്ളുവെന്നും റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഒഞ്ചിയം ഗ്രാമപഞ്ചായത്ത് പരിധിയിലെ പ്രസ്തുത ഫ്ലാറ്റുകളിൽ അറ്റകുറ്റപ്രവൃത്തികൾ നടത്തുന്നതിന് നിലവിലെ മാനദണ്ഡപ്രകാരം വടകര നഗരസഭയ്ക്ക് സാധ്യമല്ലെന്നും, മേൽ പ്രവൃത്തികൾക്ക് ആകെ 9,50,000/- (ഒൻപത് ലക്ഷത്തി അമ്പതിനായിരം രൂപ) ചെലവ് കണക്കാക്കി വടകര മുനിസിപ്പാലിറ്റി സെക്രട്ടറി സമർപ്പിച്ച വിശദമായ എസ്റ്റിമേറ്റ് സഹിതം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് വടകര നഗരസഭയ്ക്ക് അനുമതി നല്കണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

5. സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചതും ആൾ താമസമില്ലാതെ കിടക്കുന്നതുമായ എല്ലാ ഫ്ലാറ്റുകളും വസ്തുവും വീടും ആവശ്യമുള്ള അതിദരിദ്രർക്ക് കൈമാറുന്നതിനു ജില്ലാ കളക്ടർമാർക്ക് അനുമതി നല്കിക്കൊണ്ട് പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം (3) പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 6.7-പ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിന് ധനസഹായം അനുവദിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതിയുണ്ട്. വടകര മുനിസിപ്പാലിറ്റി അസിസ്റ്റന്റ് എഞ്ചിനിയർ തയ്യാറാക്കി സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി പ്രകാരം ഫ്ലാറ്റ് ആവശ്യപ്പെട്ടിട്ടുള്ള 3 കുടുംബങ്ങൾക്ക് മാത്രമല്ല നിലവിലെ താമസക്കാർക്കും ഉപകാരപ്പെടുന്നതും കെട്ടിടത്തിന്റെ മൊത്തത്തിലുള്ള ആയുസ്സ് വർദ്ധിപ്പിക്കുന്നതുമാണ്.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (5) ഉത്തരവിൻറെ വെളിച്ചത്തിൽ, കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സുനാമി ഫ്ലാറ്റ് സമുച്ചയത്തിലേക്ക് മാറുന്നതിന് സന്നദ്ധത അറിയിച്ചിട്ടുള്ള, വസ്തുവും വീടും ആവശ്യമുള്ളവരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 3 കുടുംബങ്ങൾക്ക് ആൾ താമസമില്ലാതെ കിടക്കുന്ന ഫ്ളാറ്റ് അനുവദിക്കുന്നതിന് കോഴിക്കോട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുന്നു. ടി ഫ്ളാറ്റിൽ അറ്റകുറ്റപണികൾ നടത്തുന്നതിന് വടകര നഗരസഭ സെക്രട്ടറി സമർപ്പിച്ചിരിക്കുന്ന ആകെ 9,50,000/- (ഒൻപത് ലക്ഷത്തി അമ്പതിനായിരം രൂപ) രൂപയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി

സാങ്കേതികാനുമതി ലഭ്യമാക്കി നിർവ്വഹിക്കുന്നതിന് വടകര നഗരസഭയ്ക്ക് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
സെക്രട്ടറി, വടകര നഗരസഭ
ജില്ലാകളക്ടർ, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
റവന്യൂ വകുപ്പ്
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ഐ.എ.1/44/2025-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 25-09-2025 11:14:35

സെക്ഷൻ ഓഫീസർ